**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4476** **19-07-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വിവിധ പദ്ധതികളുടെ തൊള്ളായിരത്തി അമ്പത്തിയഞ്ച് ധനസഹായ അപേക്ഷകളിൽ എത്ര എണ്ണം നാളിതുവരെ തീർപ്പാക്കി ; പുരോഗതി വെളിപ്പെടുത്തുമോ; | (എ) | പട്ടികജാതി വിഭാഗങ്ങൾക്കുള്ള വിവിധ പദ്ധതികളുടെ 955 അപേക്ഷകളിൽ 897 അപേക്ഷകളും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വിവിധ പദ്ധതികളുടെ 446 അപേക്ഷകളിൽ 396 അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്. |
| (ബി) | എതെല്ലാം ആവശ്യങ്ങൾക്കായി നൽകിയ അപേക്ഷകളാണ് തീർപ്പ് കൽപ്പിക്കാനുള്ളത്; കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് ധനവകുപ്പിന്റെ പ്രത്യേക നിയന്ത്രണങ്ങൾ എന്തെങ്കിലും ഉണ്ടോ; | (ബി) | പട്ടികജാതി വിഭാഗങ്ങളിൽ നിന്നും ലഭിച്ച അപേക്ഷകളിൽ മിശ്ര വിവാഹധനസഹായം 18 അപേക്ഷ. ഏകവരുമാനദായകൻ മരണപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്കുള്ള ധനസഹായം 15 അപേക്ഷ, അതിക്രമത്തിനിരയായവർക്കുള്ള ധനസഹായം 6 അപേക്ഷ, ചികിത്സധനസഹായം 7 അപേക്ഷ വിവാഹധനസഹായം 12 അപേക്ഷ എന്നിവയ്ക്കാണ് തീർപ്പുകൽപ്പിക്കാനുള്ളത്. പ്രസ്തുത അപേക്ഷകളിൽ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നും ലഭിച്ച അപേക്ഷകളിൽ ചികിത്സ ധനസഹായം 40 അപേക്ഷ ജനനി ജന്മരക്ഷ 8 അപേക്ഷ വിവാഹധനസഹായം 2 അപേക്ഷ എന്നിവയ്ക്കാണ് തീർപ്പുകൽപ്പിക്കാനുള്ളത് .തീർപ്പാക്കാത്ത അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | ബജറ്റ് വിഹിതം പൂർണമായും ചെലവഴിക്കാനും അർഹരായ ഗുണഭോക്താക്കൾക്ക് എത്രയും വേഗം ധനസഹായം വിതരണം ചെയ്യാനും നടപടി സ്വീകരിക്കുമോ? | (സി) | നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ